# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 244.

**09/03/2015 ൽ മറുപടിയ്ക്ക്**

## പാറ്റൂർ ഭൂമി വിജിലൻസ് അന്വേഷണം

**ചോദ്യം**

ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാറ്റൂരിലെ ജലവിഭവ വകുപ്പ വക ഭൂമിയിൽ ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലോകായുക്തയ്ക്ക് നൽകിയത് എന്നാണെന്ന് അറിയിക്കാമോ; | (എ) | പാറ്റൂരിലെ ജലവിഭവ വകുപ്പ് വക ഭൂമിയിൽ ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ല. |
| (ബി) | അധികാര ദുർവിനിയോഗവും അഴിമതിയും ക്രമക്കേടുകളും നടത്തിയതായി വിജിലൻസ് കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണ്; | (ബി), (സി) & (ഡി) | ബാധകമല്ല |

| | | | |
|---|---|---|---|
| (സി) | കുറ്റക്കാരായവർക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത് എന്നാണ്; | | |
| (ഡി) | എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നേരിട്ടിട്ടുണ്ടായിരുന്നുവോ; | | |
| (ഇ) | അന്വേഷണ റിപ്പോർട്ട് ലോകായുക്തയ്ക്ക് കൈമാറിയ ശേഷം ചീഫ് സെക്രട്ടറി വിജിലൻസ് ഡയറക്ടറെ ഫോണിലും അല്ലാതെയും എത്ര തവണ ബന്ധപ്പെട്ടിട്ടുണ്ടായിരുന്നു; | (ഇ) | പാറ്റൂർ ഭൂമി വിവാദവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ലാത്തതിനാൽ ചീഫ് സെക്രട്ടറി, വിജിലൻസ് ഡയറക്ടറുമായി പാറ്റൂർ വിഷയം ചർച്ച ചെയ്യേണ്ടുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| (എഫ്) | ചീഫ് സെക്രട്ടറിയ്ക്ക് വിജിലൻസ് വകുപ്പിന്റെ എന്തെങ്കിലും ചുമതല നേരിട്ട് ഉണ്ടായിരുന്നുവോ; ഇല്ലെങ്കിൽ വിജിലൻസ് ഡയറക്ടറെ ഔദ്യോഗികമായ എന്തെല്ലാം കാര്യങ്ങൾക്കാണ് ഫോണിൽ ബന്ധപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ; | (എഫ്) & (ജി) | ചീഫ് സെക്രട്ടറിക്ക് വിജിലൻസുമായി ബന്ധപ്പെടാനോ കാര്യങ്ങൾ തിരക്കാനോ ഉള്ള അധികാരം ഉണ്ട്. അല്ലാതെ വിജിലൻസി ന്റെ കേസന്വേഷണങ്ങളിലോ മറ്റ് അന്വേഷണങ്ങളിലോ ചീഫ് സെക്രട്ടറി ഇടപെടാറില്ല. |
| (ജി) | വിജിലൻസ് അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തപ്പെട്ട ഒരു ഉദ്യോഗസ്ഥൻ, അന്വേഷണ ഏജൻസിയുടെ ഡയറക്ടറെ നിരന്തരം ബന്ധപ്പെടുന്നത് എത്രത്തോളം ഉചിതമാണ്? | | |

**സെക്ഷൻ ഓഫീസർ**